"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം നടത്തിയ വകയിൽ അധികമായി ചെലവായ 3,21,000/- രൂപ തനതു/പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1045/2024/LSGD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-

1. സ.ഉ(സാധാ)നം.564/2023/ത.സ്വ.ഭ.വ തീയതി, 06.03.2023.
2. സ.ഉ(സാധാ)നം.1153/2023/ത.സ്വ.ഭ.വ തീയതി, 02.06.2023.
3. 02.03.2024 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/7283/2024-DPLC2 നമ്പർ കത്ത് .

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ 2023 ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം വിതരണം നടത്തിയതിന് 1,68,900/- രൂപയും ജൂൺ 14-ാം തീയതിവരെ കുടിവെള്ളം വിതരണം നടത്തിയതിന് 1,52,100/- രൂപയും ചേർത്ത് സർക്കാർ ഉത്തരവിനെ അധികരിച്ച് ചെലവായ 3,21,000/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനതു/പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി ചാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, പഞ്ചായത്ത് ഭരണസമിതി തീരുമാനം, കുടിവെള്ള വിതരണം നടത്തിയതിന്റെ ട്രിപ്പ് ഷീറ്റ് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. ചാഴൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളവിതരണം നടത്തുന്നതിന്, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റിൽ നിന്നും കുടിവെള്ളം ശേഖരിച്ച് 2023 ഏപ്രിൽ 1 മുതൽ ജൂൺ 14-ാം തിയതി വരെ ലിറ്ററിന് 39 പൈസ നിരക്കിൽ കുടിവെള്ളവിതരണം നടത്തിയിട്ടുണ്ടെന്നും, ഏപ്രിൽ മാസം 274 ട്രിപ്പുകളിലായി 1650000 ലിറ്റർ കുടിവെള്ള വിതരണത്തിന് 6,43,500/- രൂപയും മെയ് മാസം 310 ട്രിപ്പുകളിലായി 1860000 ലിറ്റർ കുടിവെള്ളവിതരണത്തിന് 7,25,400/- രൂപയും ജൂൺ മാസം 14-ാം തീയതി വരെ 65 ട്രിപ്പുകളിലായി 390000 ലീറ്റർ കുടിവെള്ള വിതരണത്തിന് 1,52,100/- രൂപയും ചേർത്ത് ആകെ 15,21,000/- രൂപ കരാറുകാരന് നൽകേണ്ടിയിരുന്നതിൽ പരാമർശം (1) ഉത്തരവുപ്രകാരം 12 ലക്ഷം രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് അനുവദിച്ചതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 01.04.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണത്തിനായി 12 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ രണ്ടാഴ്ച്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നതുവരെയോ ഏതാണോ ആദ്യം എന്നക്രമത്തിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ 2023 ഏപ്രിൽ 1 മുതൽ ജൂൺ 14-ാം തിയതി വരെ കുടിവെള്ള വിതരണം നടത്തിയവകയിൽ അനുവദനീയമായ 12 ലക്ഷം രൂപയിൽ അധികരിച്ച ചെലവായ 3,21,000/- രൂപ (മൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ മാത്രം) തനതു/പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് ചാഴൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ചാഴൂർ ഗ്രാമപഞ്ചായത്ത്, കുറുമ്പിലാവ്, പഴുവിൽ പി.ഒ., തൃശ്ശൂർ-680564.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Resmi R S
Date: 13-06-2024 17:24:05
സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്